* കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആദ്യ പ്രസിഡന്റ്– **കടമ്മനിട്ട രാമകൃഷ്ണൻ**
* കോഴഞ്ചേരി പ്രസംഗത്തിന്റെ(1935) പേരിൽ അറസ്റ്റു ചെയ്യപ്പെട്ട നേതാവ്– **സി.കേശവൻ**
* കുഞ്ചുക്കുറുപ്പ് (മലയാള മനോരമ) എന്ന പോക്കറ്റ് കാർട്ടൂൺ 35 വർഷം വരച്ചത് – **കെ.പദ്മനാഭൻ നായർ** (അടൂർ സ്വദേശി)
* കേരള ശാസ്ത്ര സാഹിത്യപരിഷത്ത് സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയവരിൽ ഒരാളായ കോന്നിയൂർ നരേന്ദ്രനാഥ് ജനിച്ചത് കോന്നിയിലാണ്.
* പത്തനംതിട്ട ജില്ലയുടെ രൂപവത്കരണത്തിനു പ്രേരണ ചെലുത്തിയ രാഷ്ട്രീയ നേതാവാണ് കെ.കെ.നായർ. 34 വർഷം ഇദ്ദേഹം പത്തനംതിട്ട മണ്ഡലത്തെ കേരള നിയമസഭയിൽ പ്രതിനിധാനം ചെയ്തു.
* നിത്യചൈതന്യയതിയുടെ യഥാർഥ പേരാണ് ജയചന്ദ്രപ്പണിക്കർ.
* ആറന്മുള മണ്ഡലത്തെ കേരള നിയമസഭയിൽ പ്രതിനിധാനം ചെയ്ത കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ.
* കൊച്ചീരാജാവ് ഭക്തകവിതിലകൻ എന്ന ബഹുമതി നൽകി ആദരിച്ചത് പന്തളം കേരള വർമയെ ആണ്.
* അടൂർ ഭാസിയുടെ യഥാർഥ പേര്–കെ.ഭാസ്കരൻ നായർ.
* നയൻതാര എന്ന പേരിൽ പ്രസിദ്ധയായ നടിയുടെ യഥാർഥ പേര് ഡയാന മറിയം കുര്യൻ.

## പ്രധാന സ്ഥലങ്ങൾ

* വേലുത്തമ്പി ദളവ ആത്ഹത്യ ചെയ്ത സ്ഥലം– മണ്ണടി
* പ്രസിദ്ധമായ ഹിന്ദുമതസമ്മേളനം നടക്കുന്ന സ്ഥലം– ചെറുകോൽപ്പുഴ (പമ്പയുടെ തീരത്ത്)
* ചരൽക്കുന്ന് ഏതുനിലയിൽ പ്രസിദ്ധം– വിനോദസഞ്ചാര കേന്ദ്രം
* സെന്റ് ഗ്രിഗോറിയസിന്റെ (പരുമല തിരുമേനി) അന്ത്യവിശ്രമസ്ഥാനം പരുമലയാണ്. നവംബർ ഒന്ന്, രണ്ട് തീയതികളിലാണ് ഇവിടുത്തെ വാർഷിക ഉത്സവമായ ഓർമപ്പെരുന്നാൾ.
* ഇന്തോ–ശ്രീലങ്കൻ കരാർ പ്രകാരം തൊഴിലാളികളെ പുനരധിവസിപ്പിച്ചിരിക്കുന്ന പത്തനംതിട്ട ജില്ലയിലെ സ്ഥലമാണ് പച്ചക്കാനം.
* ആനയുടെ അസ്ഥികൾ മുഴുവൻ പ്രദർശിപ്പിച്ചിരിക്കുന്ന മ്യൂസിയമാണ് ഗവി മ്യൂസിയം.
* മലയാലപ്പുഴ ഭദ്രകാളി ക്ഷേത്രം പത്തനംതിട്ട ജില്ലയിലാണ്.
* മോഹൻലാൽ ജനിച്ചത് ഇലന്തൂരിലാണ്.
* ആനക്കൂടിന് പ്രസിദ്ധമായ സ്ഥലമാണ് കോന്നി. ഇവിടെ ആനകളെ പരിശീലിപ്പിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു.
* മാർത്തോമ സഭയുടെ ആസ്ഥാനം തിരുവല്ലയാണ്.

## പ്രധാന സംഭവങ്ങൾ

* പന്തള രാജ്യത്തെ തിരുവിതാംകൂറിൽ ചേർത്തത്– **1820**
* ട്രാവൻകൂർ ഫോറസ്റ്റ് ആക്ട് നിലവിൽവന്നത് 1887ൽ ആണ്. 1888ൽ തിരുവിതാംകൂറിലെ ആദ്യത്തെ റിസർവ് വനമായി കോന്നിയെ പ്രഖ്യാപിച്ചു.
* പത്തനംതിട്ട ജില്ല നിലവിൽ വന്ന വർഷം– **1982**

## പ്രധാന സ്ഥാപനങ്ങൾ

* മൂലൂർ സ്മാരകം എവിടെയാണ്– ഇലവുംതിട്ട
* കരിമ്പ് ഗവേഷണ കേന്ദ്രം– തിരുവല്ല
* വാസ്തുവിദ്യാഗുരുകുലം സ്ഥിതി ചെയ്യുന്നത്– ആറന്മുള
* കേരളത്തിലെ താറാവു വളർത്തൽ കേന്ദ്രം– നിരണം

## കുഴപ്പിക്കുന്ന വസ്തുതകൾ

* അഖിലാണ്ഡമണ്ഡലം അണിയിച്ചൊരുക്കി എന്നു തുടങ്ങുന്ന ഗാനം രചിച്ചത് പന്തളം കെ.പി.രാമൻപിള്ളയാണ്. നായർ സർവീസ് സൊസാറ്റിയുടെ ഉൽപന്നപ്പിരിവുമായി ബന്ധപ്പെട്ടാണ് ഇത് രചിച്ചത്. ദൈവമേ കൈതൊഴാം കേൾക്കുമാറാകണം എന്ന ഗാനം രചിച്ചത് പന്തളം കേരള വർമയാണ്.

## അപൂർവ വസ്തുതകൾ

* പത്തനംതിട്ട ജില്ലാ ആസ്ഥാനം ഏത് നദിയുടെ തീരത്താണ്– അച്ചൻകോവിലാർ
* പത്തനംതിട്ട ജില്ലയിലെ ഏക റെയിൽവേ സ്റ്റേഷനാണ് തിരുവല്ല.
* പാണ്ഡ്യരാജ്യത്തുനിന്ന് കേരളത്തിലെത്തിയ രാജവംശങ്ങൾ– പന്തളം, പൂഞ്ഞാർ
* നിവർത്തന പ്രക്ഷോഭണകാലത്ത് 1935 ജൂണിൽ കോഴഞ്ചേരിയിൽ നടത്തിയ പ്രസംഗത്തിന്റെ പേരിൽ ജയിലിലടയ്ക്കപ്പെട്ട നേതാവാണ് സി.കേശവൻ.
* ശബരിമല ഉത്സവത്തിനുള്ള തിരുവാഭരണം സൂക്ഷിച്ചിരിക്കുന്നത് പന്തളം കൊട്ടാരത്തിലാണ്.
* കക്കി ഡാം പമ്പാനദിയിലാണ്. 1966–ൽ നിർമിച്ച കക്കി, ആനത്തോട് അണക്കെട്ടുകളുടെ ഫലമായി രൂപപ്പെട്ട കൃത്രിമ തടാകമാണ് കക്കി റിസർവോയർ.



* കല്ലിശ്ശേരി റെയിൽവേപ്പാലം പമ്പാനദിയിലാണ്.
* പന്തളത്തെ പ്രദക്ഷിണം ചെയ്തുപോകുന്ന നദിയാണ് അച്ചൻകോവിലാർ.
* 1905–ൽ പന്തളം കേരളവർമയുടെ പത്രാധിപത്യത്തിൽ ആരംഭിച്ച പ്രസിദ്ധീകരണമാണ് കവനകൗമുദി
* അടവി ഇക്കോടൂറിസം പത്തനംതിട്ട ജില്ലയിലാണ്.
* അയ്യപ്പന്റെ ഉറക്കുപാട്ടാണ് ഹരിവരാസനം എന്നറിയപ്പെടുന്നത്. അത്താഴപൂജയ്ക്കുശേഷം നട അടയ്ക്കുന്നതിനുമുമ്പ് ഈ കീർത്തനം ആലപിക്കുന്നു. കുമ്പക്കുടി കുളത്തൂർ സുന്ദരേശയ്യരാണ് രചിച്ചത്.
* ശബരിമല ക്ഷേത്രത്തിന്റെ പ്രശസ്തിയ്ക്കുവേണ്ടി ചെയ്യുന്ന സേവനങ്ങളെ മാനിച്ച് സർക്കാർ നൽകുന്ന പുരസ്കാരമാണ് ഹരിവരാസനം അവാർഡ്.
* മകരവിളക്ക് ഉത്സവം മകരമാസം ഒന്നാം തീയതിയാണ്.
* പത്തുദിവസം നീണ്ടുനിൽക്കുന്ന ശബരിമല ക്ഷേത്രത്തിലെ ഉത്സവത്തിന് മീനമാസത്തിലെ കാർത്തിക നാളിൽ കൊടിയേറും.
* ആറന്മുള കണ്ണാടി നിർമിക്കുന്നത് ലോഹക്കൂട്ടുപയോഗിച്ചാണ്.
* ശബരിഗിരി പദ്ധതിയിൽനിന്ന് ഉപയോഗം കഴിഞ്ഞ് പുറത്തുവിടുന്ന ജലമാണ് കക്കാട് പദ്ധതിയിൽ ഉപയോഗിക്കുന്നത്. ശബരിഗിരി പദ്ധതിയുടെ പവർഹൗസ് സ്ഥാപിച്ചിരിക്കുന്നത് മൂഴിയാറിലാണ്.
* പൊന്നാപുരംകൊട്ട എന്ന സിനിമ ചിത്രീകരിച്ച സ്ഥലമാണ് കക്കി.
* അച്ചൻകോവിൽ പ്രദേശത്ത് രൂപംകൊണ്ട ഒരു അനുഷ്ഠാന കലാരൂപമാണ് കോവിൽനൃത്തം.
* അയ്യപ്പ ഭക്തർ പവിത്രമായി കണക്കാക്കുന്ന ത്രിവേണിയിൽ സംഗമിക്കുന്ന നദികളാണ് പമ്പ, കല്ലാർ, ഞുണങ്ങാർ എന്നിവ.
* കോഴഞ്ചേരിയ്ക്കടുത്തുള്ള ഏടപ്പാറ മലദേവർ നട ക്ഷേത്രത്തിലെ പ്രതിഷ്ഠകളിലൊന്ന് മുസ്ലിം മതവിശ്വാസിയായ കായംകുളം കൊച്ചുണ്ണിയാണ്. മെഴുക്, ചന്ദനത്തിരികൾ, കഞ്ചാവ്, നാടൻ മദ്യം, അടയ്ക്ക, വെറ്റില എന്നിവയാണ് ഇവിടെ കാണിക്ക.
* ശ്രീകൃഷ്ണന്റെ വിശ്വരൂപ പ്രതിഷ്ഠയുള്ള ക്ഷേത്രമാണ് ആറന്മുള പാർഥസാരഥിക്ഷേത്രം. ഇത് സ്ഥാപിച്ചത് അർജുനനാണ് എന്ന് വിശ്വാസം.
* തിരുവിതാംകൂർ രാജാവ് ശബരിമല ശാസ്താവിന് സമർപ്പിച്ച തങ്ക അങ്കി സൂക്ഷിച്ചിരിക്കുന്നത് ആറന്മുള പാർഥസാരഥിക്ഷേത്രത്തിലാണ്.
* അയ്യപ്പന്റെ പിതാവായ പന്തളത്തു രാജാവ് മകന്റെ ശരീരത്തിലണിയിക്കാൻ പണികഴിപ്പിച്ച സ്വർണാഭരണങ്ങളാണ് തിരുവാഭരണം എന്നറിയപ്പെടുന്നത്. ഇവ പന്തളത്ത് വലിയ കോയിക്കൽ ക്ഷേത്രത്തിന് സമീപമുള്ള ശ്രമ്പിക്കൽ കൊട്ടാരത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്.
* വയൽവാണിഭം എന്ന വിപുലമായ കാർഷിക വ്യാപാരമേള നടക്കുന്ന സ്ഥലമാണ് ഓമല്ലൂർ.
* പരുമലയിൽ ഇപ്പോഴുള്ള പള്ളി രൂപകല്പന ചെയ്തത് പ്രശസ്ത ആർക്കിടെക്റ്റ് ചാൾസ് കൊറയ ആണ്.
* സെന്റ് തോമസ് സ്ഥാപിച്ചതെന്നു വിശ്വസിക്കപ്പെടുന്ന, പത്തനംതിട്ടയിലെ പള്ളിയാണ് നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളി.
* എല്ലാ വർഷവും നവംബർ, ഡിസംബർ മാസങ്ങളിൽ (മലയാളമാസം വൃശ്ചികം ഒന്നുമുതൽ) മണ്ഡലക്കാലം എന്നറിയപ്പെടുന്ന 41 ദിവസങ്ങളിലാണ് ശബരിമലയിലെ പ്രധാന തീർഥാടന കാലയളവ്. ഇതിനുപുറമേ എല്ലാ മലയാള മാസങ്ങളിലും ആദ്യത്തെ അഞ്ചുദിവസം സന്ദർശനം അനുവദിക്കുന്നു.
* ശ്രീഅയ്യപ്പൻ തന്റെ ബാല്യകാലം ചെലവഴിച്ചു എന്നു വിശ്വസിക്കുന്ന പന്തളം കൊട്ടാരം പത്തനംതിട്ട ജില്ലയിലാണ്.
* ശബരിമലയിൽ തീർഥാടകനുള്ള സന്ദേശം തത്ത്വമസി (അത് നീ ആകുന്നു) എന്നാണ്.
* സമുദ്രനിരപ്പിൽനിന്ന് ഏകദേശം 914 മീറ്റർ ഉയരത്തിലാണ് ശബരിമല.
* വർഷത്തിൽ എല്ലാ ദിവസവും കഥകളി നടക്കുന്ന ഏക ക്ഷേത്രമെന്ന ഖ്യാതി സ്വന്തമായ ദേവാലയമാണ് തിരുവല്ല ശ്രീവല്ലഭമഹാക്ഷേത്രം.
* നദി പ്രദക്ഷിണം ചെയ്യുന്ന ക്ഷേത്രമാണ് വലംചുഴി ദേവി ക്ഷേത്രം.
* ആനിക്കാട്ടിലമ്മ ക്ഷേത്രം തുല്യപ്രാധാന്യമുള്ള ശിവപാർവതീ പ്രതിഷ്ഠയ്ക്ക് പ്രസിദ്ധമാണ്.
* റാന്നി താലൂക്കിൽ പെരുനാട് പഞ്ചായത്തിലാണ് ശബരിമല ക്ഷേത്രം.
* ചിലന്തിയെ ആരാധിക്കുന്ന അപൂർവക്ഷേത്രമാണ് കൊടുമൺ ചിലന്തിക്ഷേത്രം. ശ്രീപള്ളിയറ ദേവീക്ഷേത്രം എന്നാണ് ഇതിന്റെ യഥാർഥ പേര്.

## ചരിത്രപഥം

* ശത്രുവിന്റെ പിടിയിലകപ്പെടാതിരിക്കാൻ വേലുത്തമ്പി ദളവാ ആത്മഹത്യ ചെയ്തത് മണ്ണടി ഭഗവതി ക്ഷേത്രത്തിൽവച്ചാണ്.
* കൊല്ലം, ആലപ്പുഴ, ഇടുക്കി ജില്ലകളുടെ ഭാഗങ്ങൾ ചേർന്നാണ് പത്തനംതിട്ട ജില്ല രൂപവത്കരിച്ചത്. ●

# പത്തനംതിട്ട

## Practice Questions

1. കേരളത്തിലെ ആദ്യത്തെ സ്വകാര്യ ജല വൈദ്യുത പദ്ധതി
(എ) പള്ളിവാസൽ (ബി) ശബരിഗിരി
(സി) മണിയാർ (ഡി) കക്കയം
2. കേരളത്തിലെ നദികളിൽ നീളത്തിന്റെ കാര്യത്തിൽ പമ്പയുടെ സ്ഥാനം
(എ) ഒന്ന് (ബി) രണ്ട്
(സി) മൂന്ന് (ഡി) നാല്
3. 1972 ൽ അടൂർ ഗോപാലകൃഷ്ണന് മികച്ച സംവിധായകനുള്ള ദേശീയ അവാർഡ് നേടിക്കൊടുത്ത ചിത്രം
(എ) എലിപ്പത്തായം (ബി) സ്വയംവരം
(സി) അനന്തരം (ഡി) മതിലുകൾ
4. പത്തനംതിട്ടയുടെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്നത്
(എ) പമ്പ (ബി) തിരുവല്ല
(സി) നിരണം (ഡി) ആറന്മുള
5. വെള്ളത്തിലെ പൂരം എന്നറിയപ്പെടുന്നത്
(എ) നെഹ്റു ട്രോഫി വള്ളംകളി
(ബി) ആറന്മുള വള്ളംകളി



(സി) പായിപ്പാട് വള്ളംകളി
(ഡി) ചിറയിൻകീഴ് വള്ളംകളി
6. പമ്പയുടെ പ്രാചീന നാമം
(എ) ബാരിസ് (ബി) ചൂർണി
(സി) ബറക്കേ (ഡി) തിണ്ടിസ്
7. സരസകവി എന്നറിയപ്പെടുന്നത്
(എ) കുഞ്ചൻ നമ്പ്യാർ
(ബി) മുലൂർ പദ്മനാഭപ്പണിക്കർ



(സി) രാമപ്പണിക്കർ
(ഡി) ശങ്കരപ്പണിക്കർ
8. ഏത് നദിയുടെ തീരത്താണ് മാരാമൺ കൺവെൻഷൻ നടക്കുന്നത്
(എ) ഭാരതപ്പുഴ (ബി) പെരിയാർ
(സി) ചാലിയാർ (ഡി) പമ്പ
9. താഴെപ്പറയുന്നവയിൽ പത്തനംതിട്ടയുമായി ബന്ധപ്പെട്ട കലാരൂപമേത്?
(എ) പടയണി (ബി) കണ്യാർകളി
(സി) തെയ്യം (ഡി) പുലികളി
10. ജെ.സി.ഡാനിയേൽ അവാർഡ് നേടിയ ആദ്യ വനിത
(എ) കവിയൂർ പൊന്നമ്മ
(ബി) ശ്രീവിദ്യ
(സി) ആറന്മുള പൊന്നമ്മ
(ഡി) ഷീല
11. കേരള തുളസീദാസ് എന്നറിയപ്പെടുന്നത്
(എ) വള്ളത്തോൾ
(ബി) കുമാരനാശാൻ
(സി) വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
(ഡി) ചങ്ങമ്പുഴ കൃഷ്ണപിള്ള
12. കോഴഞ്ചേരി പ്രസംഗത്തിന്റേ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ട നേതാവ്
(എ) സി.കേശവൻ
(ബി) ടി.എം.വർഗീസ്
(സി) പട്ടം താണുപിള്ള
(ഡി) എ.ജെ.ജോൺ
13. മുലൂർ സ്മാരകം എവിടെയാണ്?
(എ) ഇലവുംതിട്ട (ബി) കൊടുമൺ
(സി) തിരുവല്ല (ഡി) ആറന്മുള
14. കേരള നിയമസഭയിൽ ആറന്മുള മണ്ഡലത്തെ പ്രതിനിധാനം ചെയ്ത കവി



(എ) ഒ.എൻ.വി.കുറുപ്പ്
(ബി) കടമ്മനിട്ട
(സി) ചെമ്മനംചാക്കോ
(ഡി) രാമകൃഷ്ണൻ
15. കേരളത്തിലെ താറാവ് വളർത്തൽ കേന്ദ്രം
(എ) നിരണം (ബി) പന്തളം
(സി) അടൂർ (ഡി) പമ്പ
16. ആനകളുടെ അസ്ഥികൾ മുഴുവൻ പ്രദർശിപ്പിച്ചിരിക്കുന്ന മ്യൂസിയം
(എ) കോന്നി (ബി) ഗവി
(സി) പന്തളം (ഡി) തിരുവല്ല
17. പത്തനംതിട്ട ജില്ലയിൽ ഹിന്ദുമത സമ്മേളനം നടക്കുന്ന സ്ഥലം
(എ) അടൂർ (ബി) ചെറുകോൽപ്പുഴ
(സി) നിരണം (ഡി) ആറന്മുള
18. പത്തനംതിട്ട ജില്ലയിലെ ഏക റെയിൽവേ സ്റ്റേഷൻ
(എ) അടൂർ (ബി) ആറന്മുള
(സി) പത്തനംതിട്ട (ഡി) തിരുവല്ല
19. ദക്ഷിണ ഭാഗീരഥി എന്നറിയപ്പെടുന്നത്
(എ) ഭാരതപ്പുഴ (ബി) പെരിയാർ
(സി) പമ്പ (ഡി) ചാലിയാർ
20. കേരളത്തിലെ ഏറ്റവും വലിയ ഫോറസ്റ്റ് ഡിവിഷൻ
(എ) അഗസ്ത്യമല (ബി) റാന്നി
(സി) നിലമ്പൂർ
(ഡി) നെല്ലിയാമ്പതി

### Answers

1(C) 2(C) 3(B) 4(D) 5(B) 6(A) 7(B) 8(D) 9(A) 10(C) 11(C) 12(A) 13(A) 14(B) 15(A) 16(B) 17(B) 18(D) 19(C) 20(B)

# Jharkhand

## Practice Questions




1. Koderma mines is famous for:
(a) Mica (b) Gold
(c) Silver (d) Zinc
2. Jharkhand is known as the ...... state of India:
(a) Tiger (b) Mineral
(c) Forest (d) Gold
3. What is mainly obtained from Jharia mines?
(a) Uranium (b) Iron
(c) Coal (d) Petroleum
4. Jharkhand is the ..... state of India:
(a) 25th (b) 26th
(c) 27th (d) 28th
5. Jaduguda mines is related to:
(a) Uranium (b) Coal
(c) Petroleum (d) Mica
6. Jharkhand was formed by the bifurcation of :
(a) Madhya Pradesh (b) Bihar
(c) UP (d) West Bengal
7. ........was the other proposed name of Jharkahand area
(a) Telangana (b) Vindhya Pradesh
(c) Vananchal (d) Vidharbha
8. Central Mining Research Station is in:
(a) Ranchi (b) Dhanbad
(c) Jamshedpur (d) Bokaro
9. The country supported to set up Bokaro Steel Plant:
(a) former USSR (b) Britain
(c) Germany (d) China
10. Which is known as Steel city in India?
(a) Jamshedpur (b) Ranchi
(c) Hasaribagh (d) Dhanbad
11. City of Waterfalls:



(a) Jamshedpur (b) Ranchi
(c) Dhanbad (d) Hasaribagh
12. City of thousand gardens:
(a) Dhanbad (b) Jamshedpur
(c) Hasaribagh (d) Ranchi
13. Coal capital of India:
(a) Hasaribagh (b) Ranchi
(c) Dhanbad (d) Jamshedpur
14. Pittsburg of India:
(a) Ranchi (b) Hasaribagh
(c) Koderma (d) Jamshedpur
15. Jharkhand was formed on 15th November, 2000 through the ..... th amendment of the Constitution.
(a) 81 (b) 82
(c) 83 (d) 84
16. India's first large scale Iron & steel factory was established at
(a) Jamshedpur. (b) Ranchi
(c) Sindri (d) Dhanbad
17. The headquarters of the National Coal Development Corporation:
(a) Dhanbad (b) Ranchi
(c) Jamshedpur (d) Sindri
18. Which tiger reserve is in Jharkhand?
(a) Palamau (b) Sariska
(c) Nagarjuna (d) None of these
19. The first fertilizer factory in independent India was established at:
(a) Ranchi (b) Sindri
(c) Hasaribagh (d) Jamshedpur
20. The first ISO 9005 certified city in India:
(a) Chandigarh (b) Bangalore
(c) Ranchi (d) Jamshedpur.
21. ...... is a Uranium mine in Jharkhnad:



(a) Jharia (b) Banduhurang
(c) Koderma (d) Raniganj
22. The only town in India whose municipality is governed by a corporate house.
(a) Jamshedpur (b) Ranchi
(c) Hasaribagh (d) Dhanbad
23. The first well-planned industrial city of India:



(a) Palamau (b) Dhanbad
(c) Ranchi (d) Jamshedpur
24. India's biggest explosives factory is at:
(a) Ranchi (b) Gomia
(c) Sindri (d) Jamshedpur
25. Which city is commonly called "Tata Nagar"?
(a) Ranchi (b) Dhanbad
(c) Jamshedpur (d) Sindri

### Answers

1 (a) 2(b) 3 (c) 4 (d) 5(a) 6(b) 7(c) 8(b) 9(a) 10(a) 11(b) 12(c) 13(c) 14(d) 15(d) 16(a) 17(b) 18(a) 19(b) 20(d) 21(b) 22(a) 23(d) 24(b) 25(c)

# ജാർഖണ്ഡ്

**ബീഹാറിനെ വിഭജിച്ച് തെക്കൻ പ്രദേശങ്ങൾ ഉൾപ്പെടുത്തി രൂപവത്കരിച്ച ജാർഖണ്ഡ് ഇന്ത്യയിലെ 28-മത്തെ സംസ്ഥാനമായി 2000 നവംബർ 15-ന് നിലവിൽവന്നു. പുരാതന കാലത്തോളം പഴക്കമുള്ള സാംസ്കാരിക-രാഷ്ട്രീയ സവിശേഷതകൾ കിഴക്കൻ ഇന്ത്യയിലെ ഈ ഭൂവിഭാഗത്തിന് സ്വന്തമാണ്. മുണ്ട ഗോത്രത്തിന്റെ സാന്നിധ്യം ജാർഖണ്ഡിന്റെ സവിശേഷതയാണ്. ബ്രിട്ടിഷ് ഭരണകാലത്ത് ഇവിടം സന്താൾ കലാപത്തിനും മുണ്ടാ കലാപത്തിനും വേദിയായി. 14 ലോക്സഭാംഗങ്ങളും ആറ് രാജ്യസഭാംഗങ്ങളുമുള്ള സംസ്ഥാനത്ത് 81 നിയമസഭാംഗങ്ങളാണുള്ളത്.**

## പ്രത്യേകതകൾ

* ഇന്ത്യയിലെ ഏറ്റവും ധാതുസമ്പന്നമായ സംസ്ഥാനം
* വനാഞ്ചൽ എന്നും അറിയപ്പെട്ടിരുന്ന സംസ്ഥാനം
* ബിർസാ മുണ്ടയുടെ ജന്മവാർഷികത്തിൽ നിലവിൽവന്ന സംസ്ഥാനമാണ് ജാർഖണ്ഡ്.
* കുറ്റിക്കാടുകളുടെ നാട് എന്ന് പേരിനർഥമുള്ള സംസ്ഥാനം.

## ആദ്യത്തേത്

* ഇന്ത്യയിലെ ആദ്യത്തെ ആസൂത്രിത-വ്യവസായ നഗരം- ജംഷഡ്പൂർ
* ഒരു കോർപ്പറേറ്റ് സ്ഥാപനത്താൽ (ടാറ്റ) നിയന്ത്രിക്കപ്പെടുന്ന ഇന്ത്യയിലെ ആദ്യത്തെ നഗരം- ജംഷഡ്പൂർ
* ജാർഖണ്ഡിന്റെ ആദ്യത്തെ മുഖ്യമന്ത്രി – ബാബുലാൽ മറാണ്ടി
* സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വളം നിർമാണശാല- സിന്ദ്രി
* ഇന്ത്യയിലെ ആദ്യത്തെ ഐ.എസ്.ഒ. 9005 സർട്ടിഫൈഡ് നഗരം- ജംഷഡ്പൂർ
* തദ്ദേശീയമായ ഉപകരണങ്ങളും പരിജ്ഞാനവും ധാരാളമായി ഉപയോഗിച്ചതിനാൽ ഇന്ത്യയുടെ ആദ്യത്തെ സ്വദേശി സ്റ്റീൽ പ്ലാന്റെന്ന് വിശേഷിപ്പിക്കപ്പെടുന്ന സംരംഭമാണ് ബൊക്കാറോ (1965).ഇത് നിർമിച്ചത് സോവിയറ്റ് യൂണിയന്റെ സഹകരണത്തോടെയാണ്.
* ഇന്ത്യയിലെ സ്വകാര്യമേഖലയിലെ ആദ്യത്തെ സ്റ്റീൽ പ്ലാന്റ് നിർമിച്ച സ്ഥലമാണ് ജംഷഡ്പൂർ.
* ബ്രിട്ടിഷുകാർക്കെതിരെ ആയുധമെടുത്ത



ആദ്യത്തെ ആദിവാസിയാണ് Baba Tilka Manjhi.

* പദവിയിലിരിക്കെ കൊലപാതകക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ട ആദ്യത്തെ കേന്ദ്രമന്ത്രിയാണ് ഷിബു സോറൻ.
* ജാർഖണ്ഡ് മുഖ്യമന്ത്രിയായ സ്വതന്ത്രനാണ് മധു കോഡ (2006).
* ദാമോദർ വാലി കോർപ്പറേഷന്റെ ആദ്യഘട്ടമായി നിർമിച്ച നാല് മൾട്ടി പർപ്പസ് അണക്കെട്ടുകളിൽ ആദ്യത്തേതാണ് കൊഡർമ ജില്ലയിൽ ബറാകർ നദിയിൽ നിർമിച്ചിരിക്കുന്ന തിലയ്യ അണക്കെട്ട് (1953).
* ഹസാരിബാഗ് ജില്ലയിലാണ് ദാമോദർ വാലി കോർപ്പറേഷന്റെ ഭാഗമായ രണ്ടാമത്തെ അണക്കെട്ടായ കോനാർ ഡാം (1955). ഇത് ദാമോദറിന്റെ പോഷകനദിയായ കോനാറിലാണ്.
* ബറാകർ നദിയിലെ മൈത്തോൺ ഡാമിനോടനുബന്ധമായിട്ടാണ് തെക്കനേഷ്യയിലെ ആദ്യത്തെ ഭൂഗർഭ വൈദ്യുതി നിലയം നിർമിച്ചിരിക്കുന്നത് (1957).
* ധൻബാദ് ജില്ലയിലാണ് ദാമോദർ വാലി കോർപ്പറേഷന്റെ ഭാഗമായ നാലാമത്തെ അണക്കെട്ടായ Panchet Dam (1959). ദാമോദർ നദിയിലാണ് ഈ അണക്കെട്ട്.
* ട്രൈബൽ വിഭാഗക്കാരനല്ലാത്ത ആദ്യത്തെ ജാർഖണ്ഡ് മുഖ്യമന്ത്രിയാണ് രഘുവർ ദാസ് (2014).
* ഇന്ത്യയിൽ ഗവർണർ പദവിയിലെത്തിയ ആദ്യത്തെ ട്രൈബൽ വനിതയാണ് ദ്രൗപദി മുർമു (2015). ഒഡിഷയാണ് സ്വന്തം സംസ്ഥാനം.

## സൂപ്പർലേറ്റീവുകൾ

* ഇന്ത്യയിൽ ഏറ്റവും കൂടുതൽ മൈക്ക(58.5 ശതമാനം), ആസ്ബെസ്റ്റോസ് (53 ശതമാനം) എന്നിവ ഉൽപാദിപ്പിക്കുന്നത്- ജാർഖണ്ഡ്
* ജാർഖണ്ഡിലെ ഏറ്റവും വലിയ നഗരം- ജംഷഡ്പൂർ (തലസ്ഥാനം റാഞ്ചിയാണ്).
* ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള സ്റ്റീൽ പ്ലാന്റ് ജംഷഡ്പൂരിലെ Tata Iron and Steel Company or TISCO.
* ഛോട്ടാനാഗ്പൂർ പീഠഭൂമിയിലെ ഏറ്റവും വലിയ നഗരമാണ് ജംഷഡ്പൂർ.
* ഛോട്ടാനാഗ്പൂർ പീഠഭൂമിയിലൂടെ ഒഴുകുന്ന ഏറ്റവും നീളം കൂടിയ നദിയാണ് ദാമോദർ.

## അപരനാമങ്ങൾ

* ഇന്ത്യയുടെ കൽക്കരി തലസ്ഥാനം (Coal Capital of India) എന്നറിയപ്പെടുന്നത്- ധൻബാദ്
* വെള്ളച്ചാട്ടങ്ങളുടെ നഗരം എന്നറിയപ്പെടുന്നത്- റാഞ്ചി
* ഇന്ത്യയുടെ ഉരുക്കുനഗരം- ജംഷഡ്പൂർ
* ഇന്ത്യയുടെ വ്യാവസായിക തലസ്ഥാനം എന്ന് ജംഷഡ്പൂരിനെ വിശേഷിപ്പിക്കാറുണ്ട്.
* ജംഷഡ്പൂരിലെ റെയിൽവേ സ്റ്റേഷന്റെ പേര് ടാറ്റാനഗർ എന്നായതിനാൽ ഈ പട്ടണം ടാറ്റാനഗർ എന്നും അറിയപ്പെടുന്നു.
* ആയിരം ഉദ്യാനങ്ങളുടെ നഗരം എന്നറിയപ്പെടുന്നത് ഹസാരിബാഗാണ്.
* ഇന്ത്യയുടെ പിറ്റ്സ്ബർഗ് എന്നറിയപ്പെടുന്നത് ജംഷഡ്പൂരാണ്. അമേരിക്കയിലെ ഇരുമ്പുരുക്ക് പ്രദേശമായ പിറ്റ്സ്ബർഗിനെ അനുസ്മരിച്ചാണ് ഈ വിശേഷണം.

## പ്രധാനപ്പെട്ട വസ്തുതകൾ

* ഏതു സംസ്ഥാനം വിഭജിച്ചാണ് ജാർഖണ്ഡ് രൂപവൽക്കരിച്ചത്- ബീഹാർ (84 മത്തെ ഭരണഘടനാഭേദഗതിയിലൂടെ)
* ജാർഖണ്ഡ് മുക്തി മോർച്ച എന്ന രാഷ്ട്രീയ പാർട്ടിയുടെ ചിഹ്നം അമ്പും വില്ലുമാണ്.
* ഹസാരിബാഗ്‌വന്യജീവിസംരക്ഷണകേന്ദ്രംഏതു സംസ്ഥാനത്താണ്- ജാർഖണ്ഡ്
* അഭ്രഖനിയായ കൊഡർമ ഏതു സംസ്ഥാനത്താണ്- ജാർഖണ്ഡ
* പലമാവു ടൈഗർ റിസർവ് ഏതു സംസ്ഥാനത്ത്- ജാർഖണ്ഡ്
* ജാർഖണ്ഡിലെ ചെമ്പ് ഖനികൾ- സിങ്ഭൂം, ഗിരിദിഹ
* പലമാവു ടൈഗർ റിസർവ് ഏത് സംസ്ഥാനത്താണ്- ജാർഖണ്ഡ്
* ജാർഖണ്ഡിന്റെ ഉപതലസ്ഥാന (sub capital)-മാണ് Dumka.
* ജാർഖണ്ഡ് നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് നക്സലൈറ്റുകളുടെയും മാവോയിസ്റ്റുകളുടെയും സാന്നിധ്യം.
* സുവർണരേഖ നദിയുടെ തീരത്താണ് ജംഷഡ്പൂർ.
* ജാർഖണ്ഡിന്റെ നല്ലൊരുഭാഗം ഛോട്ടാനാഗ്പൂർ പീഠഭൂമിയാണ്.
* റാഞ്ചി വിമാനത്താവളം ബിർസാ മുണ്ടയുടെ സ്മരണാർഥം നാമകരണം ചെയ്തിരിക്കുന്നു.
* ബേട്‌ല നാഷണൽ പാർക്ക് ജാർഖണ്ഡിലാണ്. Bison, Elephant, Tiger, Leopard, Axis-axis എന്നീ പേരുകളുടെ acronym ആണ് ബേട്‌ല.
* ഹിന്ദിയാണ് ജാർഖണ്ഡിലെ ഔദ്യോഗിക ഭാഷ.
* ജാർഖണ്ഡ് ഹൈക്കോടതിയുടെ ആസ്ഥാനം റാഞ്ചിയാണ്.
* ഛോട്ടാനാഗ്പൂർ പീഠഭൂമിയുടെ വിസ്തീർണം 65,000 ചതുരശ്ര കിലോമീറ്ററാണ്.
* ദാമോദറിന്റെ പ്രധാന പോഷകനദികളിലൊന്നാണ് ബറാകർ.

## പ്രധാന വ്യക്തികൾ

* പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ പോട്രയിറ്റ് പ്രദർശിക്കപ്പെട്ട ആദ്യത്തെ ട്രൈബൽ നേതാവാണ് ബിർസ മുണ്ട. ഗോത്രവർഗക്കാരുടെ നേതാവായ ബിർസ മുണ്ട സ്വാതന്ത്ര്യസമരസേനാനിയെന്ന നിലയിലും സ്മരണീയനാണ്.
* Sidhu Murmu, Kanhu Murmu എന്നിവ



രായിരുന്നു സന്താൾ കലാപത്തിന്റെ (1855 –56)നേതാക്കൾ.



* അമ്പെയ്ത്ത് താരമായ ദീപികാ കുമാരി ജാർഖണ്ഡ് സ്വദേശിയാണ്.
* പ്രശസ്ത ക്രിക്കറ്റർ മഹേന്ദ്ര സിങ് ധോണി ജനിച്ചത് റാഞ്ചിയിലാണ്.
* 1928-ൽ ഇന്ത്യൻ ഹോക്കി ടീം ആദ്യമായി ഒളിമ്പിക്സിൽ സ്വർണം നേടിയപ്പോൾ ക്യാപ്റ്റനായിരുന്നത് ജയ്പാൽ സിങ് മുണ്ടെ ആയിരുന്നു. ഇദ്ദേഹം ഭരണഘടന നിർമാണസഭയിലും അംഗമായിരുന്നു.

## പ്രധാന സ്ഥാപനങ്ങൾ

* കീനം സ്റ്റേഡിയം ജംഷഡ്പൂരിലാണ്.
* സെൻട്രൽ മൈനിങ് റിസർച്ച് സ്റ്റേഷൻ എവിടെയാണ്- ധൻബാദ്
* 1950 നവംബർ 26-ന് ജവാഹർലാൽ നെഹ്റു നാഷണൽ മെറ്റലർജിക്കൽ ലബോറട്ടറി ഉദ്ഘാടനം ചെയ്തത് ജംഷഡ്പൂരിലാണ്.
* സെൻട്രൽ ലാക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (Indian Institute of Natural Resins and Gums), സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈക്യാട്രി എന്നിവ റാഞ്ചിയിലാണ്.
* സേവ്യർ ലേബർ റിലേഷൻസ് ഇൻസ്റ്റിറ്റ്യൂട്ട് ജംഷഡ്പൂരിലാണ്.
* ഇന്ത്യൻ സ്കൂൾ ഓഫ് മൈൻസ് ധൻബാദിലാണ്.
* ടാറ്റ ആർച്ചറി അക്കാദമി ജംഷഡ്പൂരിലാണ്.
* ചന്ദ്രപുര തെർമൽ പവർ സ്റ്റേഷൻ ബൊക്കാറോ ജില്ലയിലാണ്.

## കുഴപ്പിക്കുന്ന വസ്തുതകൾ

* ഇന്ത്യയിലെ ആദ്യത്തെ സ്റ്റീൽ പ്ലാന്റ് അയൺ വർക്ക് കമ്പനി 1870-ൽ കുൾട്ടിയിൽ (ബംഗാൾ) സ്ഥാപിച്ചതാണ്. എന്നാൽ വൻതോതിലുള്ള ഉൽപാദനം ആരംഭിച്ചത് ടാറ്റ അയൺ ആന്റ് സ്റ്റീൽ കമ്പനി 1907-ൽ ജംഷഡ്പൂരിൽ പ്രവർത്തനം തുടങ്ങിയതോടെയാണ്.

## അപൂർവ വസ്തുതകൾ

* ജാദുഗുഡ ഖനി ഏതു ധാതുവിനു പ്രസിദ്ധം- യുറേനിയം
* ജാർഖണ്ഡിലെ ഗോത്രവർഗ നേതാക്കളായിരുന്ന സിധോ, കഞ്ഞോ, ബിർസ എന്നിവരുടെ സ്മരണാർഥം നാമകരണം ചെയ്യപ്പെട്ട സിധോ കഞ്ഞോ ബിർസ സർവകലാശാലയുടെ ആസ്ഥാനം പശ്ചിമ ബംഗാളിലെ പുരുലിയയിലാണ്. ബംഗാൾ ഗവർണറാണ് ഇതിന്റെ ചാൻസലർ.
* ജംഷഡ്പൂരിന്റെ യഥാർഥ പേര് സക്ചി എന്നാണ്. വൈസ്രോയി ചെംസ്ഫോഡ് പ്രഭുവാണ് ജംഷഡ്ജി ടാറ്റയോടുള്ള ആദരസൂചകമായി ജംഷഡ്പൂർ എന്ന പേര് നൽകിയത് (1919).
* പത്തുലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുണ്ടെങ്കിലും മുനിസിപ്പാലിറ്റിയല്ലാത്ത ഏക ഇന്ത്യൻ പട്ടണമാണ് ജംഷഡ്പൂർ.
* ബിർസാ മുണ്ട വിമാനത്താവളം –റാഞ്ചി
* ജരിയ ഖനിയിൽനിന്നു ലഭിക്കുന്ന ധാതു – കൽക്കരി

# ദക്ഷിണാഫ്രിക്ക



**ലോകജാലകം**

## പ്രത്യേകതകൾ

* ആഫ്രിക്കയുടെ തെക്കേ മുനമ്പിൽ സ്ഥിതിചെയ്യുന്ന രാജ്യമാണ് ദക്ഷിണാഫ്രിക്ക.
* ഭരണഘടനാധിഷ്ഠിത പാർലമെന്ററി റിപ്പബ്ലിക്കാണ് ദക്ഷിണാഫ്രിക്ക. ദ്വിമണ്ഡല പാർലമെന്റിൽ നാഷണൽ അസംബ്ലിയും നാഷണൽ കൗൺസിലും ഉൾപ്പെടുന്നു.
* അപ്പാർത്തീഡ് അഥവാ വർണവിവേചനം നിലനിന്നിരുന്ന രാജ്യമാണ് ദക്ഷിണാഫ്രിക്ക.
* ലോകത്ത് വിസ്തീർണത്തിൽ 25-ാം സ്ഥാനമുള്ള രാജ്യമാണ് ദക്ഷിണാഫ്രിക്ക.
* ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ രണ്ടാമത്തെ വലിയ സമ്പദ് വ്യവസ്ഥ (ഒന്നാം സ്ഥാനത്ത് നൈജീരിയ).

## ആദ്യത്തേത്

* ലോകത്താദ്യമായി ഹൃദയമാറ്റ ശസ്ത്രക്രിയ (1967) നടന്ന രാജ്യമാണ് ദക്ഷിണാഫ്രിക്ക.
* ലോക കപ്പ് ഫുട്ബോളിന് വേദിയായ ആദ്യത്തെ ആഫ്രിക്കൻ രാജ്യമാണ് ദക്ഷിണാഫ്രിക്ക.
* രാജ്യത്തെ ആദ്യ കറുത്ത വർഗക്കാരനായ പ്രസിഡന്റാണ് നെൽസൺ മണ്ടേല (1994-99).



* ആഫ്രിക്കൻ വൻകരയിൽ നൊബേൽ സമ്മാനത്തിനർഹനായ ആദ്യത്തെ കറുത്ത വർഗക്കാരനാണ് ആൽബർട്ട് ലുതുലി (1960-സമാധാനം).
* ഒരേ ലിംഗപദവിയുള്ളവർ തമ്മിലുള്ള വിവാഹം (സെയിം സെക്സ് മാര്യേജ്) നിയമവിധേയമാക്കിയ ആദ്യ ആഫ്രിക്കൻ രാഷ്ട്രമാണ് ദക്ഷിണാഫ്രിക്ക (2006).

## സൂപ്പർലേറ്റീവുകൾ

* ക്രിസ്തുമതവിശ്വാസികളാണ് രാജ്യത്ത് ഏറ്റവും കൂടുതലുള്ളത്.
* ആഫ്രിക്കയിൽ ഏറ്റവും വ്യാവസായിക പുരോഗതി കൈവരിച്ചിട്ടുള്ള രാഷ്ട്രമായ ദക്ഷിണാഫ്രിക്കയ്ക്ക് പതിനൊന്ന് ഔദ്യോഗിക ഭാഷകളുണ്ട്. അഞ്ചുഭാഷകളിൽ വരികളുള്ള ദേശീയഗാനമുള്ള രാജ്യമാണ് ദക്ഷിണാഫ്രിക്ക.
* ബൊളീവിയ (34), ഇന്ത്യ(22) എന്നിവ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഔദ്യോഗിക ഭാഷകളുള്ള രാജ്യമാണ് ദക്ഷിണാഫ്രിക്ക.
* ലോകത്ത് ഏറ്റവും കൂടുതൽ എയ്ഡ്സ് ബാധിതരുള്ള രാജ്യമാണ് ദക്ഷിണാഫ്രിക്ക.
* സൗത്ത് ആഫ്രിക്കയിൽ 1905-ൽ കണ്ടെടുത്ത കള്ളിനൻ ആണ് ലോകത്തിലെ ഏറ്റവും വലിയ വജ്രം.



* തെക്കേയറ്റത്തെ ആഫ്രിക്കൻ രാഷ്ട്രമാണ് ദക്ഷിണാഫ്രിക്ക.
* ദക്ഷിണാഫ്രിക്കൻ ജനതയുടെ 80 ശതമാനത്തിൽപരം വരുന്ന കറുത്ത വർഗക്കാരാണ് രാജ്യത്തെ ഏറ്റവും വലിയ ജനവിഭാഗം.
* ജൊഹന്നസ്ബർഗ് സ്റ്റോക് എക്സ്ചേഞ്ചാണ് ആഫ്രിക്കൻ വൻകരയിലെ ഏറ്റവും വലിയ സ്റ്റോക് എക്സ്ചേഞ്ച്.
* പതിനൊന്ന് ഔദ്യോഗിക ഭാഷകളുള്ള രാജ്യമാണ് ദക്ഷിണാഫ്രിക്ക (Afrikaans, English, Ndebele, Northern Sotho, Sotho, Swazi, Tswana, Tsonga, Venda, Xhosa, Zulu).
* ദക്ഷിണാഫ്രിക്കയിലെ അവസാനത്തെ കറുത്ത വർഗക്കാരനായ പ്രസിഡന്റാണ് എഫ്.ഡബ്ല്യു. ഡി ക്ലർക്ക്.

## അപരനാമങ്ങൾ

* മഴവിൽ രാഷ്ട്രം (റെയിൻബോ നേഷൻ) എന്നറിയപ്പെടുന്ന ദക്ഷിണാഫ്രിക്കയെ സ്വർണത്തിന്റെയും വജ്രത്തിന്റെയും നാട് എന്നും വിളിക്കാറുണ്ട്.
* സമുദ്രത്തിലെ സത്രം (Ta vern of the Sea) എന്നറിയപ്പെടുന്നത് ദക്ഷിണാഫ്രിക്കയാണ്.
* ഗാന്ധിജിയുടെ രാഷ്ട്രീയ പരീക്ഷണശാല എന്നറിയപ്പെടുന്ന ദക്ഷിണാഫ്രിക്കയിലാണ് ഗാന്ധിജി ആദ്യ സത്യാഗ്രഹം സംഘടിപ്പിച്ചത്. അതിനാൽ സത്യാഗ്രഹത്തിന്റെ ജന്മഭൂമി എന്നും വിശേഷിപ്പിക്കപ്പെടുന്നു.
* ദക്ഷിണാഫ്രിക്കയുടെ നീതിന്യായ തലസ്ഥാനം എന്നറിയപ്പെടുന്നത് ബ്ലോംഫോണ്ടേൻ ആണ്.
* ദക്ഷിണാഫ്രിക്കയുടെ ഭരണ തലസ്ഥാനം എന്നറിയപ്പെടുന്നത് പ്രിട്ടോറിയ.
* ദക്ഷിണാഫ്രിക്കയുടെ നിയമനിർമാണ തലസ്ഥാനം എന്നറിയപ്പെടുന്നത് കേപ് ടൗൺ.
* മാഡിബ എന്ന അപരനാമത്തിലറിയപ്പെട്ടത് നെൽസൺ മണ്ടേലയാണ്.
* നെൽസൺ മണ്ടേലയാണ് ദക്ഷിണാഫ്രിക്കൻ ഗാന്ധി എന്നറിയപ്പെടുന്നത്. സാംബിയയുടെ പ്രഥമ പ്രസിഡന്റായ കെന്നത് കൗണ്ടയെയാണ് ആഫ്രിക്കൻ ഗാന്ധി എന്നു വിളിക്കുന്നത്.
* ദക്ഷിണാഫ്രിക്കയുടെ രാഷ്ട്രപിതാവ് നെൽസൺ മണ്ടേലയാണ്.

## പ്രധാനപ്പെട്ട വസ്തുതകൾ

* യുണൈറ്റഡ് കിങ്ഡത്തിൽനിന്നാണ് ദക്ഷിണാഫ്രിക്ക സ്വാതന്ത്ര്യം നേടിയത്.
* സുലു വർഗക്കാർ താമസിക്കുന്ന രാജ്യമാണ് ദക്ഷിണാഫ്രിക്ക. നമീബിയ സ്വാതന്ത്ര്യം നേടിയത് ദക്ഷിണാഫ്രിക്കയിൽ നിന്നാണ്.
* ബോയർ യുദ്ധം നടന്ന രാജ്യമാണ് ദക്ഷിണാഫ്രിക്ക.
* റാൻഡ് ആണ് ദക്ഷിണാഫ്രിക്കയുടെ നാണയം.
* ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് രൂപംകൊണ്ടത് 1912-ലാണ്. ആസ്ഥാനം ജോഹന്നസ്ബർഗിലാണ്.
* 1961-ലാണ് ദക്ഷിണാഫ്രിക്ക റിപ്പബ്ളിക്കായത്.
* ദക്ഷിണാഫ്രിക്കയിൽ 9 പ്രവിശ്യകളാണുള്ളത്.
* നാനാത്വത്തിൽ ഏകത്വം (യൂണിറ്റി ഇൻ ഡൈവേഴ്സിറ്റി) എന്നതാണ് ദക്ഷിണാഫ്രിക്കയുടെ പ്രമാണവാക്യം.

## പ്രധാന വ്യക്തികൾ

* തന്റെ രാഷ്ട്രീയ പ്രതിയോഗിയായ എഫ്. ഡബ്ല്യു. ഡി ക്ലർക്കുമായി നെൽസൺ മണ്ടേല 1993-ൽ സമാധാന നൊബേൽ സമ്മാനം പങ്കിട്ടു.
* സമാധാന നൊബേൽ പ്രൈസ് (1984),



ടെംപിൾടൺ പുരസ്കാരം എന്നിവയ്ക്ക് അർഹനായ ഡെസ്മണ്ട് ടുട്ടു ദക്ഷിണാഫ്രിക്കക്കാരനാണ്.
* ബഹിരാകാശത്തുപോയ ആദ്യത്തെ ആഫ്രിക്കക്കാരനാണ് മാർക്ക് ഷട്ടിൽവർത്ത്.
* ശുഭപ്രതീക്ഷാ മുനമ്പ് ചുറ്റി സഞ്ചരിച്ച ആദ്യത്തെ യൂറോപ്യനാണ് ബെർത്തലോമ്യ ഡയസ് (1488).
* നെൽസൺ മണ്ടേലയ്ക്കുശേഷം ദക്ഷിണാഫ്രിക്കൻ പ്രസിഡന്റായത് താബോ എംബക്കിയാണ് (1999).

## പ്രധാന സ്ഥലങ്ങൾ

* പ്രശസ്ത വജ്രഖനിയായ കിംബർലിയും ക്രൂഗർ ദേശീയോദ്യാനവും ദക്ഷിണാഫ്രിക്കയിലാണ്.
* ഗാന്ധിജി തീവണ്ടിയിൽനിന്ന് പുറത്താക്കപ്പെട്ട റെയിൽവേ സ്റ്റേഷനാണ് പീറ്റർ മാരിറ്റ്സ്ബർഗ്.
* പോർട്ട് എലിസബത്ത് ദക്ഷിണാഫ്രിക്കയിലാണ്.
* ഈസ്റ്റ് ലണ്ടൻ എന്ന ആഫ്രിക്കൻ തുറമുഖ പട്ടണം ദക്ഷിണാഫ്രിക്കയിലാണ്.

## കുഴപ്പിക്കുന്ന വസ്തുതകൾ


* മറ്റ് പാർലമെന്ററി റിപ്പബ്ലിക്കുകളിൽനിന്ന് വ്യത്യസ്തമായി ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് രാഷ്ട്രത്തിന്റെയും ഗവൺമെന്റിന്റെയും തലവനാണ്.
* ദക്ഷിണായനരേഖ രണ്ടുപ്രാവശ്യം മുറിച്ചുകടന്നൊഴുകുന്ന നദിയാണ് ലിംപോപോ. ഭൂമധ്യരേഖ രണ്ടുപ്രാവശ്യം മുറിച്ചുകടന്നൊഴുകുന്ന നദിയാണ് കോംഗോ.
* ശുഭപ്രതീക്ഷാ മുനമ്പ് ദക്ഷിണാഫ്രിക്കയിലാണ്. എന്നാൽ, ആഫ്രിക്കൻ വൻകരയുടെ തെക്കേയറ്റം കേപ് അഗുൽഹസ് ആണ്.
* ദക്ഷിണാഫ്രിക്കയുടെ സുപ്രീം കോടതിയുടെ ആസ്ഥാനം ബ്ലോംഫോണ്ടേൻ. ഭരണഘടനാ കോടതി സ്ഥിതി ചെയ്യുന്നത് ജൊഹന്നസ്ബർഗിലാണ്.
* 1961-ൽ കോമൺവെൽത്ത് വിട്ട ദക്ഷിണാഫ്രിക്ക വീണ്ടും അംഗമായത് 1994-ൽ ആണ്.

## അപൂർവ വസ്തുതകൾ

* മൂന്ന് തലസ്ഥാനങ്ങളുള്ള ഏക രാജ്യമാണ് ദക്ഷിണാഫ്രിക്ക. പ്രിട്ടോറിയ (ഭരണം), കേപ്ടൗൺ (നിയമനിർമാണം), ബ്ലോംഫോണ്ടേൻ (നീതിന്യായം) എന്നിവയാണ് മൂന്ന് തലസ്ഥാന നഗരങ്ങൾ. എന്നാൽ, രാജ്യത്തെ ഏറ്റവും വലിയ നഗരം ജോഹന്നസ്ബർഗാണ്.
* ലെസോത്തൊയെ പൂർണമായും ചുറ്റി സ്ഥിതിചെയ്യുന്ന രാജ്യം ദക്ഷിണാഫ്രിക്കയാണ്.
* 27 വർഷമാണ് മണ്ടേല ജയിൽവാസം അനുഭവിച്ചത്. പോൾസ്മൂർ ജയിൽ, റോബൻ ഐലൻഡ് എന്നിവിടങ്ങളിലായിരുന്നു മണ്ടേലയുടെ ജയിൽവാസം.
* രണ്ട് ആഫ്രിക്കൻ രാഷ്ട്രങ്ങളുടെ പ്രഥമ വനിതയായ വ്യക്തിയാണ് ഗ്രേക്കാ മാഷേൽ. സിംബാംബ്വെയുടെ പ്രഥമ പ്രസിഡന്റായിരുന്ന സമോറ മാഷേലിന്റെ പത്നിയായിരുന്ന അവർ 1998-ൽ നെൽസൺ മണ്ടേലയുടെ ഭാര്യയായി. 1986-ൽ ദക്ഷിണാഫ്രിക്കയിൽ ഒരു വിമാനാപകടത്തിലാണ് സമോറ മാഷേൽ മരിച്ചത്.

## പ്രത്യേകം ഓർത്തിരിക്കേണ്ടവ

* ഗാന്ധിജി ഇന്ത്യൻ ഒപ്പീനിയൻ എന്ന പ്രസിദ്ധീകരണം ആരംഭിച്ചതും നേറ്റാൾ ഇന്ത്യൻ കോൺഗ്രസ് സ്ഥാപിച്ചതും ദക്ഷിണാഫ്രിക്കയിലാണ്.
* ഗാന്ധിജി ടോൾസ്റ്റോയി ഫാമും ഫീനിക്സ് സെറ്റിൽമെന്റും സ്ഥാപിച്ചതും ദക്ഷിണാഫ്രിക്കയിലാണ്.



* ടേബിൾ മൗണ്ടൻ നാഷണൽ പാർക്ക് ദക്ഷിണാഫ്രിക്കയിലാണ്. ഇത് കേപ് ടൗണിനു സമീപമാണ്.
* നെൽസൺ മണ്ടേലയുടെ ആത്മകഥയാണ് ലോങ് വാക് ടു ഫ്രീഡം.



# ലോകജാലകം

## യെമൻ

* പശ്ചിമേഷ്യയിലെ ഒരു അറബ് രാജ്യമാണ് യെമൻ. തലസ്ഥാനം സാന. (2015 ഫെബ്രുവരി മുതൽ ഈ നഗരം വിമതരുടെ പിടിയിലായതിനാൽ ഏഡനിലേക്ക് ഭരണകേന്ദ്രം മാറ്റിയിരിക്കുകയാണ്) നാണയം യെമനി റിയാൽ.
* അറേബ്യൻ ഉപദ്വീപിലെ ഏറ്റവും വലിയ രണ്ടാമത്തെ രാജ്യമാണ് യെമൻ. അറബ് ലോകത്തെ ഏറ്റവും ദരിദ്രരാഷ്ട്രമാണിത്.
* ഉത്തര യെമൻ ഓട്ടോമൻ സാമ്രാജ്യത്തിൽനിന്ന് 1918–ലും ദക്ഷിണ യെമൻ 1967–ൽ യുണൈറ്റഡ് കിങ്ഡത്തിൽനിന്നും സ്വതന്ത്രമായി. ഇരു യെമനുകളുടെയും ഏകീകരണം 1990–ൽ നടന്നു.
* യുണിറ്ററി സെമി–പ്രസിഡൻഷ്യൽ റിപ്പബ്ലിക്കായ യെമന്റെ നിയമനിർമാണസഭ ഹൗസ് ഓഫ് റപ്രസന്റേറ്റീവ്സ് ആണ്.
* ഏഷ്യയിലെ രാജ്യങ്ങളിൽ ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിൽ ഒടുവിൽ വരുന്ന രാജ്യമാണ് യെമൻ.
* യെമനിലെ ഷിബാം നഗരം മരുഭൂമിയിലെ മാൻഹട്ടൻ എന്നറിയപ്പെടുന്നു.

## ജമൈക്ക

* കരീബിയൻ കടലിൽ സ്ഥിതിചെയ്യുന്ന ഒരു ദ്വീപരാഷ്ട്രമാണിത്. ഗ്രേറ്റർ ആന്റിലസ് ദ്വീപസമൂഹത്തിൽ വലുപ്പത്തിൽ ജമൈക്കയ്ക്ക് മൂന്നാം സ്ഥാനമാണ്.
* ഇംഗ്ളീഷാണ് രാജ്യത്തെ ഔദ്യോഗിക ഭാഷ.
* യുണിറ്ററി പാർലമെന്ററി കോൺസ്റ്റിറ്റ്യൂഷണൽ മൊണാർക്കിയായ ജമൈക്കയുടെ നിയമനിർമാണസഭ ഹൗസ് ഓഫ് റപ്രസന്റീറ്റീവ്സും സെനറ്റുമടങ്ങുന്ന പാർലമെന്റാണ്. രാഷ്ട്രമേധാവിയായ ബ്രിട്ടീഷ് മൊണാർക്കിന്റെ പ്രതിനിധിയായി ഗവർണർ ജനറൽ ഭരണം നിർവഹിക്കുന്നു.
* 1962–ൽ യുണൈറ്റഡ് കിങ്ഡത്തിൽനിന്ന് സ്വാതന്ത്ര്യം നേടി. ജമൈക്കൻ ഡോളറാണ് നാണയം.
* വസന്തദ്വീപ് എന്നാണ് ജമൈക്ക അറിയപ്പെടുന്നത്. തലസ്ഥാനം കിംഗ്സ്റ്റൺ.
* കോമൺവെൽത്ത് ഗെയിംസിന് വേദിയായ ആദ്യ വികസ്വര രാജ്യമാണ് ജമൈക്ക (1966).
* ജമൈക്ക പെപ്പർ എന്നറിയപ്പെടുന്നത് സർ



വസുഗന്ധിയാണ് (ഓൾസ്പൈസ്).
* ജമൈക്കക്കാരനായ പ്രശസ്ത അത്‌ലറ്റാണ് അസഫാ പവൽ.
* ജമൈക്കയുടെ പ്രധാനമന്ത്രിയായ ആദ്യ വനിതയാണ് പോർഷ്യ സിംപ്സൺ മില്ലർ (2006)

## ബ്രൂണെ

* ബ്രൂണെയുടെ തലസ്ഥാനമാണ് ബാന്ദർ സരി ബഗവാൻ.
* ലോകത്തിലെ ഏറ്റവും സമ്പന്നരായ വ്യക്തികളിലൊരാളാണ് ബ്രൂണെയിലെ സുൽത്താൻ.
* ബ്രിട്ടണിൽനിന്നാണ് ബ്രൂണെ സ്വതന്ത്ര്യം നേടിയത് (1984).
* മാലിദ്വീപ് കഴിഞ്ഞാൽ ഏറ്റവും ജനസംഖ്യ കുറഞ്ഞ ഏഷ്യൻ രാഷ്ട്രം ബ്രൂണെയാണ്.
* ബോർണിയോ ദ്വീപ് പങ്കിടുന്ന മൂന്ന് രാഷ്ട്രങ്ങളാണ് മലേഷ്യ, ബ്രൂണെയ്, ഇന്തൊനിഷ്യ എന്നിവ. ഇതിൽ പൂർണമായും ബോർണിയോയിൽ സ്ഥിതി ചെയ്യുന്ന ഏക രാജ്യം ബ്രൂണെയ് ആണ്.
* ബാന്ദർ സെറി ബെഗവൻ ആണ് തലസ്ഥാനം. എണ്ണ, പ്രകൃതി വാതക നിക്ഷേപങ്ങളാണ് ഈ രാജ്യത്തെ സമ്പന്നമാക്കുന്നത്.
* റോയൽ ബ്രൂണെയ് എയർലൈൻസ് ആണ് ദേശീയ വിമാന സർവീസ്.
* ഇസ്ലാമാണ് പ്രധാനമതം. രണ്ടാം സ്ഥാനത്ത് ബുദ്ധമതമാണ്.

## ലെയ്ച്റ്റെൻസ്റ്റെയിൻ

* ലോകത്ത് ഡബിൾ ലാൻഡ് ലോക്ക്ഡ് ആയ രണ്ടു രാജ്യങ്ങളേയുള്ളൂ–ലെയ്ച്റ്റെൻസ്റ്റെയിനും ഉസ്ബെക്കിസ്ഥാനും.
* മധ്യയൂറോപ്പിൽ ഓസ്ട്രിയയ്ക്കും സ്വിറ്റ്സർലൻഡിനുമിടയ്ക്കാണ് ലെയ്ച്റ്റെൻസ്റ്റെയിൻ സ്ഥിതിചെയ്യുന്നത്.
* ആൽപ്സിൽ മാത്രമായി സ്ഥിതിചെയ്യുന്ന ഏക രാജ്യമാണ് ലെയ്ച്റ്റെൻസ്റ്റെയിൻ.
* ലെയ്ച്റ്റെൻസ്റ്റെയിൻ ഒരു കോൺസ്റ്റിറ്റ്യൂഷണൽ മൊണാർക്കിയാണ്. രാഷ്ട്രത്തലവൻ അറിയപ്പെടുന്നത് പ്രിൻസ് എന്നാണ്. അതിനാൽ ഇതൊരു പ്രിൻസിപ്പാലിറ്റി എന്നറിയപ്പെടുന്നു.
* വാഡസ് ആണ് ലെയ്ച്റ്റെൻസ്റ്റെയിനിന്റെ തലസ്ഥാനം.
* സ്വിസ്സ് ഫ്രാങ്കാണ് നാണയം. നിയമനിർമാണസഭയുടെ പേര് ലാൻഡ്ടാഗ്.
* ജർമനാണ് ഔദ്യോഗിക ഭാഷ. ജർമൻ ഭാഷ സംസാരിക്കുന്ന രാജ്യങ്ങളിൽ ഏറ്റവും ചെറുതാണ് ലെയ്ച്റ്റെൻസ്റ്റെയിൻ.

## മാസിഡോണിയ

* തെക്കുകിഴക്കൻ യൂറോപ്പിൽ ബാൾക്കൻ ഉപദ്വീപിലാണ് റിപ്പബ്ലിക് ഓഫ് മാസിഡോണിയ സ്ഥിതിചെയ്യുന്നത്.
* മുൻയുഗോസ്ളാവ്യയിലെ ഘടക റിപ്പബ്ലിക്കുകളിലൊന്നായിരുന്നു മാസിഡോണിയ.
* സ്കോപ്ജെ ആണ് തലസ്ഥാനം. മദർ തെരേസ ജനിച്ചത് സ്കോപ്ജെ



യിലാണ്.
* പാർലമെന്ററി റിപ്പബ്ലിക്കായ മാസിഡോണിയയിലെ നാണയം Macedonian denar ആണ്.
* ഗ്രീക്കിന്റെ ഭാഗമായി മാസിഡോണിയ എന്നൊരു പ്രദേശമുണ്ട്. അതുകാരണം റിപ്പബ്ലിക് ഓഫ് മാസിഡോണിയ ആ പേര് ഉപയോഗിക്കുന്നതിനെ ഗ്രീസ് എതിർത്തിരുന്നു. മഹാനായ അലക്സാണ്ടർ ചക്രവർത്തി ഭരിച്ചിരുന്ന മാസിഡോൺ എന്ന പ്രദേശം ഗ്രീക്ക് മാസിഡോണിയയിലാണ്.

# South Africa

## Practice Questions

1. The second largest economy in Africa:
(a) Egypt (b) Nigeria
(c) Sudan (d) South Africa
2. South Africa is known as:
(a) Rainbow Land (b) Rainbow Nation
(c) Heart of Africa (d) Horn of Africa
3. The legislative capital of South Africa:
(a) Pretoria (b) Johannesburg
(c) Cape Town (d) Bloemfontein
4. The administrative capital of South Africa:
(a) Durban (b) Cape Town
(c) Bloemfontein (d) Pretoria
5. The judicial capital of South Africa:
(a) Bloemfontein (b) Durban
(c) Pretoria (d) Cape Town
6. The new name of Pretoria:
(a) Tshwane (b) Durban
(c) Johannesburg (d) Natal
7. South Africa is known as the “Land of Gold and .........’.
(a) Milk (b) Diamond
(c) Honey (d) Silver
8. Kimberley mines in South Africa is famous for:
(a) Petroleum (b) Copper
(c) Gold (d) Coal
9. Former name of Cape of Good Hope:
(a) Cape Horn (b) Cape Agulhas
(c) Cape of Storms (d) Cape Kennedy
10. Which is known as the ‘Tavern of the seas’?
(a) Durban (b) Cape Town
(c) Pretoria (d) Pretoria
11. The policy of racial discrimination that was adopted by the White government during the period 1948-1991.
(a) Apartheid (b) Ghetto
(c) Holocaust (d) None of these
12. In which place Gandhiji founded Phoenix settlement in 1904?
(a) Johannesberg (b) Petermaritesberg
(c) Durban (d) Pretoria
13. In which place Gandhiji founded Tolstoy Farm in 1910?
(a) Durban (b) Cape Town
(c) Pretoria (d) Johannesburg
14. South African leader Nelson Mandela spent ...... years in prison.
(a) 21 (b) 27
(c) 30 (d) 24
15. Nelson Mandela was released from jail in:
(a) 1988 (b) 1989
(c) 1990 (d) 1991
16. The first black to become the president of South Africa:
(a) FW De Clarke (b) Tabo Mbeki
(c) Nelson Mandela (d) Jacob Zuma
17. Which is known as Golden City?
(a) Johannesburg (b) Durban
(c) Pretoria (d) Cape Town
18. In which year Nelson Mandela became the president of South Africa?
(a) 1991 (b) 1992
(c) 1993 (d) 1994
19. The first heart transplant surgery in the



world was done by Dr. Christian Bernard in .......on December 3, 1967.
(a) Cape Town (b) Pretoria
(c) Johannesburg (d) Durban
20. ....... obtained from South Africa is the largest diamond in the world.
(a) Kohinoor (b) Cullinan
(c) Hope (d) Star
21. The independent country wholly surrounded by South African territory
(a) Swaziland (b) Namibia
(c) Lesotho (d) Botswana
22. The largest city in South Africa:
(a) Pretoria (b) Johannesburg
(c) Cape Town (d) Bloemfontein
23. The number of official languages in South Africa:
(a) 10 (b) 11
(c) 12 (d) 13
24. In which Island Nelson Mandela was imprisoned?
(a) Ruben Island (b) Robben Island
(c) St.Helena (d) Corsica
25. Where is Soccer City Stadium, the venue of the 2010 FIFA World Cup ?
(a) Pretoria (b) Cape Town
(c) Durban (d) Johannesburg

### Answers

1 (d) 2(b) 3 (c) 4 (d) 5(a) 6(a) 7(b) 8(c) 9(c) 10(b) 11(a) 12(c) 13(d) 14(b) 15(c) 16(c) 17(a) 18(d) 19(a) 20(b) 21(c) 22(b) 23(b) 24(b) 25(d)

# ആധുനിക ഇന്ത്യ–9

# വിപ്ലവ പ്രസ്ഥാനങ്ങൾ

**ഗദ്ദർ പാർട്ടിക്ക് ഇന്ത്യയിലേക്ക് ധീരരായ സൈനികരെ ആവശ്യമുണ്ട്. അവർക്കുള്ള ശമ്പളം മരണമാണ്.പെൻഷൻ സ്വാതന്ത്ര്യമാണ്. അവർക്കുള്ള വില രക്തസാക്ഷിത്വം, യുദ്ധഭൂമി ഇന്ത്യ–എന്നതായിരുന്നു ഗദ്ദർ പാർട്ടിയുടെ മുദ്രാവാക്യം.സോഹൻസിങ് ഭക്ന ആയിരുന്നു ഗദ്ദർ പാർട്ടിയുടെ ആദ്യ ചെയർമാൻ. പാർട്ടിയുടെ ആശയങ്ങൾ ശക്തമായ മതനിരപേക്ഷരത സ്വഭാവമുള്ളവയായിരുന്നു. ഇന്ത്യയിൽ ബ്രിട്ടീഷുകാർക്കെതിരെ വിപ്ലവയുദ്ധം നടത്തുമെന്ന് ഗദ്ദർ പാർട്ടി പ്രതിജ്ഞയെടുത്തിരുന്നു. ഇന്ത്യയിൽ സായുധ അട്ടിമറി നടത്താനുള്ള ശ്രമങ്ങൾ ഗദ്ദർ പ്രസ്ഥാനം ആസൂത്രണം ചെയ്തെങ്കിലും അപ്രതീക്ഷിതമായി അത് ബ്രിട്ടീഷുകാർ കണ്ടെത്തുകയും പരാജയപ്പെടുത്തുകയും ചെയ്തു.......ആധുനിക ഇന്ത്യാചരിത്രത്തിലെ നിണമണിഞ്ഞ ഒരു അധ്യായത്തിലൂടെ ...**

തീവ്രദേശീയ പ്രസ്ഥാനത്തോട് അനുബന്ധിച്ച് നിരവധി വിപ്ലവസംഘടനകൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ പഞ്ചാബ്, ബംഗാൾ, ബോംബെ എന്നിവിടങ്ങളിൽ രൂപംകൊണ്ടു. വ്യവസ്ഥാപിതവും അക്രമരഹിതവുമായി നടന്നിരുന്ന സമരങ്ങൾക്കു സമാന്തരമായി ത്തന്നെ ഇവർ നയിച്ച പ്രസ്ഥാനങ്ങളും രാഷ്ട്രീയജീവിതത്തിൽ അലയൊലികൾ സൃഷ്ടിച്ചു. ഇംഗ്ലീഷുകാരെ വധിക്കുക, പൊതുമുതലുകൾ നശിപ്പിക്കുക, ഖജനാവ് കൊള്ളചെയ്യുക തുടങ്ങിയ ഒറ്റപ്പെട്ട അക്രമങ്ങളിൽ ഏർപ്പെടുക എന്നതായിരുന്നു ഇവരുടെ പ്രവർത്തന രീതി.

ബോംബെയിലെ വാസുദേവ് ബൽവന്ത് ഫാഡ്കെയാണ് ആദ്യത്തെ ഭീകര സംഘം രൂപവത്കരിച്ചത്. സർക്കാർ സ്വത്തുക്കൾ കൊള്ളയടിക്കുന്നതിലായിരുന്നു ഇവർ ഏർപ്പെട്ടിരുന്നത്. 1879–ൽ ഫാഡ്കെയെ അറസ്റ്റു ചെയ്യുകയും ഏഡനിലേക്ക് നാടുകടത്തുകയും ചെയ്തു.

1897 ജൂൺ 22–ന് പൂനെയിലാണ് ആധുനിക ഇന്ത്യയിൽ ആദ്യമായി ഒരു യൂറോപ്യൻ രാഷ്ട്രീയ കാരണങ്ങളാൽ കൊലചെയ്യപ്പെട്ടത്. ചപേക്കർ സഹോദരൻമാരാണ് (ദാമോദർ ഹരി ചപേക്കറും ബാലകൃഷ്ണ ഹരി ചപേക്കറും) അത് ചെയ്തത്. പൂനെയിലെ പ്ലേഗ് കമ്മിറ്റിയുടെ തലവനായിരുന്ന റാണ്ടിനെ കൊലപ്പെടുത്തിയ കുറ്റത്തിന് അവരെ തൂക്കിക്കൊന്നു.

1902–ൽ ബംഗാളിൽ രൂപംകൊണ്ട സംഘടനയാണ് അനുശീലൻ സമിതി. പ്രമോദ് മിത്രയും ബരീന്ദ്രകുമാർ ഘോഷുമായിരുന്നു ഇതിന്റെ സ്ഥാപകർ. അതിന്റെ ധാക്ക വിഭാഗത്തിനുമാത്രം 500 ശാഖകളുണ്ടായിരുന്നു.'വെടിവച്ചുവീഴ്ത്തിയിട്ട് ഓടിരക്ഷപ്പെടുക' എന്നതായിരുന്നു അനുശീലൻ സമിതിയുടെ രീതി. ബോംബെ(മഹാരാഷ്ട്ര)യിൽ 1904–ൽ വി.ഡി. സവർക്കറും ഗണേഷ് സവർക്കറും ചേർന്ന് രൂപവത്കരിച്ച രഹസ്യസംഘടനയാണ് അഭിനവ് ഭാരത്.

1905–ൽ ശ്യാംജി കൃഷ്ണവർമ ലണ്ടനിൽ സ്ഥാപിച്ച ഇന്ത്യാ ഹോം റൂൾ സൊസൈറ്റി അറിയപ്പെട്ടത് ഇന്ത്യാ ഹൗസ് എന്ന പേരിലായിരുന്നു. ഈ സംഘത്തിൽപ്പെട്ട മദൻലാൽ ദിൻഗ്ര എന്ന യുവ വിപ്ലവകാരി ബംഗാളിലെ ലഫ്റ്റനന്റ് ഗവർണറായിരുന്ന സർ കഴ്സൺ വൈലിയെ ലണ്ടനിലെ ഒരു പൊതുയോഗത്തിൽവച്ച് വെടിവച്ചുകൊന്നു (1909).

1905–നുശേഷം ചില പത്രങ്ങൾ വിപ്ലവാഭിമുഖ്യമുള്ള ഭീകരവാദം പ്രചരിപ്പിച്ചു. ബംഗാളിൽ സാന്ധ്യ, മഹാരാഷ്ട്രയിൽ കൽ എന്നിവയായിരുന്നു അവയിൽ പ്രധാനപ്പെട്ടവ.

1907–ൽ ബംഗാളിലെ ലഫ്റ്റനന്റ് ഗവർണറായിരുന്ന ആൻഡ്രു ഫ്രേസറുടെ ജീവനെടുക്കാൻ ഒരു ശ്രമമുണ്ടായി.

1908–ൽ ഖുദിറാം ബോസും പ്രഫുല്ല ചാക്കിയും ഒരു വണ്ടിക്കുനേരെ ബോംബെറിഞ്ഞു. മുസാഫർപൂരിലെ ജനവിരുദ്ധ ജഡ്ജിയായ കിങ്സ്ഫോർഡാണ് ആ വണ്ടിക്കുള്ളിൽ യാത്ര ചെയ്തിരുന്നതെന്നാണ് അവർ കരുതിയത്. എന്നാൽ, മുസാഫർപൂർ ബാറിലെ പ്ലീഡറായിരുന്ന കെന്നഡിയുടെ ഭാര്യയും മകളുമാണ് ബോംബ് സ്ഫോടനത്തിൽ മരണമടഞ്ഞത്. പ്രഫുല്ല ചാക്കി സ്വയം വെടിവച്ചുമരിച്ചു. ഖുദിറാം ബോസിനെ വിചാരണ ചെയ്ത് തൂക്കിക്കൊന്നു.

അലിപ്പൂർ വിചാരണ പ്രതികൾക്കെതിരായ തെളിവുകൾ ശേഖരിച്ച് ഗവൺമെന്റിനെ സഹായിച്ചുകൊണ്ടിരുന്ന ഉയർന്ന പൊലീസ് ഉദ്യോഗസ്ഥനെ ബീരേൻ ദത്ത ഗുപ്ത എന്ന വിപ്ലവകാരി ഹൈക്കോടതി വരാന്തയിലെ ആൾക്കൂട്ടത്തിൽ വച്ച് വെടിവച്ച് വീഴ്ത്തി.

ഒരു ഔദ്യോഗിക ചടങ്ങിൽ ആനപ്പുറത്ത് സഞ്ചരിച്ചുകൊണ്ടിരുന്ന വൈസ്രോയി ഹാർഡിഞ്ച് പ്രഭുവിനെ ബോംബെറിഞ്ഞു (1912).

1924–ൽ കാൺപൂരിൽ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽനിന്നുള്ള വിപ്ലവകാരികൾ യോഗംചേർന്ന് രൂപം നൽകിയ സംഘടനയാണ് ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ. സായുധ കലാപങ്ങൾ സംഘടിപ്പിച്ച് ബ്രിട്ടീഷ് ആധിപത്യത്തിന് അറുതി വരുത്താൻ ശ്രമിച്ച ഈ പ്രസ്ഥാനത്തിന്റെ സാരഥികൾ സച്ചിൻ സന്ന്യാൽ, യോഗേഷ് ചന്ദ്ര ചാറ്റർജി, ഭഗത് സിങ്, സുഖ് ദേവ്, ചന്ദ്രശേഖർ ആസാദ് തുടങ്ങിയവരായിരുന്നു.

ഇന്ത്യയിലെ വിപ്ലവപ്രവർത്തനങ്ങൾക്ക് പുതിയമാനം നൽകിയ സംഘടനയാണ് 1928–ൽ രൂപവത്കൃതമായ ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ ആർമി (എച്ച്എസ്ആർഎ). ഭഗത് സിങ്, സച്ചിൻ സന്ന്യാൽ, അജയഘോഷ് എന്നിവരായിരുന്നു ഇതിന്റെ നേതാക്കൾ.ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ പുനസ്സംഘടിപ്പിച്ച് രൂപം നൽകിയതാണ് ഈ പ്രസ്ഥാനം.

1930 ഏപ്രിലിൽ ചിറ്റഗോങിലെ ആയുധശാല ആക്രമിക്കപ്പെട്ട സംഭവം രാജ്യത്തൊട്ടാകെ ഒച്ചപ്പാട് സൃഷ്ടിച്ചു. ഇതിനുത്തരവാദികളായ സൂര്യസെന്നിനെയും കൂട്ടരെയും പിടികൂടി വിചാരണചെയ്ത് തൂക്കിലേറ്റി.

1931 ഫെബ്രുവരിയിൽ അലഹബാദിൽ പൊലീസുമായുണ്ടായ സംഘട്ടനത്തിൽ പ്രശസ്ത വിപ്ലവകാരിയായ ചന്ദ്രശേഖർ ആസാദ് കൊല്ലപ്പെട്ടു.

## ഗദ്ദർ പാർട്ടി

ലാലാ ഹർദയാൽ, സോഹൻസിങ് ബക്ന, താരക്നാഥ് ദാസ് എന്നിവർ അമേരിക്കൻ ഐക്യനാടുകളിലെ സാൻഫ്രാൻസിസ്കോയിൽ 1913 നവംബർ ഒന്നിന് ഗദ്ദർ പാർട്ടി സ്ഥാപിച്ചു. ആയുധങ്ങൾ ശേഖരിക്കുക, ബ്രിട്ടീഷ് ഉദ്യോഗസ്ഥരെ വധിക്കുക, സൈനികരെ റിക്രൂട്ട് ചെയ്യുക, വിപ്ലവാശയങ്ങൾ പ്രചരിപ്പിക്കുക എന്നിവയായിരുന്നു സംഘടനയുടെ ലക്ഷ്യങ്ങൾ. ആഴ്ചപ്പത്രമായ ഗദ്ദറിനെ ചുറ്റിപ്പറ്റിയാണ് ഈ പാർട്ടി കെട്ടിപ്പടുത്തത്. പത്രത്തിന്റെ തലക്കെട്ടിൽ ഇംഗ്ലീഷ് ഭരണത്തിന്റെ ശത്രു എന്ന് ചേർത്തിട്ടുണ്ടായിരുന്നു.

ഗദ്ദർ പാർട്ടിക്ക് ഇന്ത്യയിലേക്ക് ധീരരായ സൈനികരെ ആവശ്യമുണ്ട്. അവർക്കുള്ള ശമ്പളം മരണമാണ്.പെൻഷൻ സ്വാതന്ത്ര്യമാണ്. അവർക്കുള്ള വില രക്തസാക്ഷിത്വം, യുദ്ധഭൂമി ഇന്ത്യ–എന്നതായിരുന്നു ഗദ്ദർ പാർട്ടിയുടെ മുദ്രാവാക്യം.സോഹൻസിങ് ഭക്ന ആയിരുന്നു ഗദ്ദർ പാർട്ടിയുടെ ആദ്യ ചെയർമാൻ. പാർട്ടിയുടെ ആശയങ്ങൾ ശക്തമായ മതനിരപേക്ഷരത സ്വഭാവമുള്ളവയായിരുന്നു. ഇന്ത്യയിൽ ബ്രിട്ടീഷുകാർക്കെതിരെ വിപ്ലവയുദ്ധം നടത്തുമെന്ന് ഗദ്ദർ പാർട്ടി പ്രതിജ്ഞയെടുത്തിരുന്നു.

ഇന്ത്യയിൽ സായുധ അട്ടിമറി നടത്താനുള്ള ശ്രമങ്ങൾ ഗദ്ദർ പ്രസ്ഥാനം ആസൂത്രണം ചെയ്തെങ്കിലും അപ്രതീക്ഷിതമായി അത് ബ്രിട്ടീഷുകാർ കണ്ടെത്തുകയും പരാജയപ്പെടുത്തുകയും ചെയ്തു. പ്രവർത്തകരെ വധിക്കുകയും ചിലരെ ആൻഡമാനിലേക്ക് നാടുകടത്തുകയും ചെയ്തു.




## വിപ്ലവപ്രസ്ഥാനങ്ങളുടെ സംഭാവന

വിപ്ലവ പ്രസ്ഥാനങ്ങൾക്ക് വലിയ നേട്ടങ്ങളൊന്നും കൈവരിക്കാനായില്ല. അതേസമയം അതിന്റെ പരോക്ഷസ്വാധീനങ്ങളെ വിലകുറച്ച് കാണാനും കഴിയില്ല. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിദേശരാജ്യങ്ങളിലെ ജനങ്ങളെ ബോധ്യപ്പെടുത്താനും അവരുടെ ധാർമിക പിന്തുണ സ്വരൂപിക്കാനും ലോകമാധ്യമങ്ങളിൽ വാർത്തകളിലൂടെ സ്ഥാനം പിടിച്ചതുവഴി വിപ്ലവകാരികൾക്കു സാധിച്ചു. കൂടാതെ, ദേശാഭിമാനികളായ വിപ്ളവകാരികളുടെ രക്തസാക്ഷിത്വം പിൽക്കാല തലമുറകൾക്ക് സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെടുന്നതിനും ജീവിതം രാഷ്ട്രത്തിനു സമർപ്പിക്കുന്നതിനും പ്രചോദനമായി. ●

# പ്രശസ്ത വ്യക്തികൾ

## ഡി.കെ.കാർവെ (1858–1962)

* മഹർഷി ദോണ്ഡോ കേശവ് കാർവെ മഹാരാഷ്ട്രയിലെ രത്നഗിരി ജില്ലയിലെ ഖേദ് താലൂക്കിൽ 1858 ഏപ്രിൽ 18–ന് ഒരു ചിത്പാവൻ ബ്രാഹ്മണകുടുംബത്തിലാണ് ജനിച്ചത്.
* ഇന്ത്യയിലെ ആദ്യത്തെ വനിതാ സർവകലാശാലയായ എസ്എൻഡിറ്റി സർവകലാശാലയുടെ (Shreemati Nathibai Damodar Thackersey Women's University) സ്ഥാപകനാണ് ഈ വിദ്യാഭ്യാസ വിചക്ഷണൻ.
* പതിനാലാം വയസ്സിലായിരുന്നു കാർവെയുടെ ആദ്യ വിവാഹം. എട്ടുവയസ്സുകാരി രാധാഭായിയായിരുന്നു വധു. 1891–ൽ അവർ പ്രസവസമയത്ത് മരിച്ചു. ഈ ഭാര്യയിൽ കാർവെയ്ക്ക് ജനിച്ച മകനാണ് ആണ് ഇന്ത്യയിലെ കുടുംബാസൂത്രണത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ആർ.ഡി.കാർവെ (1882–1953).
* പിന്നീട് രണ്ടുവർഷത്തിനുശേഷം കാർവെ, ഗോദുഭായി എന്ന വിധവയെ വിവാഹം കഴിച്ചു. പണ്ഡിത രമാഭായിയുടെ ശാരദാ സദനത്തിൽ വിദ്യാർഥിനിയായ ആദ്യ വിധവയായിരുന്നു അവർ.
* മുംബൈയിലെ എൽഫിൻസ്റ്റൺ കോ



ളേജിൽനിന്നാണ് കാർവെ ഗണിതത്തിൽ ബിരുദം നേടിയത്. 1891–ൽ അദ്ദേഹം പൂനെയിലെ ഫെർഗുസൻ കോളേജിൽ ഗണിത പ്രൊഫസറായി.
* 1892–ൽ ഡക്കാൺ എഡ്യുക്കേഷൻ സൊസൈറ്റിയുടെ ആജീവനാന്ത അംഗമായി തിരഞ്ഞെടുക്കപ്പെട്ടു.

സ്ഥാപനത്തിന് 15ലക്ഷം രൂപ സംഭാവന ചെയ്തു. തുടർന്ന് സർവകലാശാലയുടെ പേര് Shreemati Nathibai Damodar Thackersey Women's University എന്ന് പരിഷ്കരിച്ചു. 1936–ൽ മുംബൈയിലേക്ക് മാറ്റിയ സർവകലാശാലയുടെ പേര് 1951–ൽ Shrimati Nathibai Thackersey Women's University എന്ന് മാറ്റി. SNDT Women's University എന്നറിയപ്പെടുന്ന സർവകലാശാലയുടെ പ്രമാണവാക്യം സംസ്കൃത സ്ത്രീ പരാശക്തി (An enlightened women is a source of Infinite strength) എന്നാണ്.
* 1917–ൽ പ്രൈമറി സ്കൂൾ അധ്യാപകർക്കായി ഒരു ട്രെയിനിങ് കോളേജും 1918–ൽ കന്യാശാലയും തുടങ്ങി. 1936–ൽ മഹാരാഷ്ട്ര വില്ലേജ് പ്രൈമറി എഡ്യുക്കേഷൻ സൊസൈറ്റി സ്ഥാപിച്ചു. സമതാ സംഘ് (Association for the Promotion of Human Equality) എന്ന സംഘടനയുടെ ആരംഭം 1944–ൽ ആയിരുന്നു. ഇതിന്റെ ആശയ പ്രചാരണാർഥം 1947–ൽ മാനവി സമത എന്ന പ്രസിദ്ധീകരണം 1947–ൽ തുടങ്ങി.
* തന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക പിന്തുണ കണ്ടെത്തുന്നതിന് കാർവെ നിരവധി വിദേശ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി.
* ജാതിവ്യവസ്ഥയും അസ്പൃശ്യതയും ഇല്ലാതാക്കുന്നതിന് അക്ഷീണം പ്രവർത്തിച്ച കാർവെയ അവിസ്മരണീനാക്കുന്നത് വിധവാ വിവാഹത്തിനും സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും നടത്തിയ നിതാന്ത പരിശ്രമങ്ങളാണ്. ഈ സേവനങ്ങളെ മുൻനിർത്തി 1958–ൽ ജന്മശതാബ്ദി വർഷത്തിൽ രാഷ്ട്രം ഭാരത് രത്ന ബഹുമതിയിലൂടെ ആദരിച്ചു. നൂറാം വയസ്സിൽ ഈ പുരസ്കാരത്തിനർഹനായ അദ്ദേഹമാണ് ഏറ്റവും ഉയർന്ന പ്രായത്തിൽ ആ ബഹുമതി നേടിയ വ്യക്തി. നിരവധി സർവകലാശാലകൾ ഉന്നത ബിരുദങ്ങൾ സമ്മാനിച്ച് കാർവെയെ ആദരിച്ചിട്ടുണ്ട്.
* 1958–ൽ ജന്മശതാബ്ദി വർഷത്തിൽ കാർവയുടെ ബഹുമാനാർഥം ഭാരത സർക്കാർ സ്റ്റാമ്പ് പുറപ്പെടുവിച്ചു. സ്വതന്ത്ര ഇന്ത്യയിൽ ജീവിച്ചിരിക്കെ സ്റ്റാമ്പിലിടംനേടിയ ആദ്യ വ്യക്തി എന്ന പ്രത്യേകതയും കാർവേയ്ക്കുണ്ട്.
* ഇംഗ്ലീഷിൽ കാർവെ രചിച്ച ആത്മകഥയാണ് Looking Back.
* പൂനെയിൽ 1962 നവംബർ ഒമ്പതിന് കാർവെയുടെ ജീവിതത്തിന് തിരശ്ശീല വീഴുമ്പോൾ സുദീർഘവും ധന്യവുമായ 104 സംവത്സരങ്ങൾ അദ്ദേഹം പിന്നിട്ടുകഴിഞ്ഞിരുന്നു.

# Great Personalities


## Selected Questions



1. Greek Mathematician who is regarded as 'the Father of Geomety':
(a) Archemedes (b) Pythagorus
(c) Euclid (d) Epicurus
2. The Portuguese Navigator who led the expedition which completed the first circumnavigation:
(a) Columbus (b) Magellan
(c) Cook (d) Cabral
3. Who was known as 'lady with the lamp'?
(a) Joan of Arc (b) Florence Nightingale (c) Mother Theresa
(d) None of these
4. Magellan was killed in:
(a) Philippines (b) Indonesia
(c) Sri Lanka (d) China
5. Voltaire was a/an ...... philosopher:
(a) Greek (b) German
(c) French (d) American
6. Who gave Pacific ocean that name?
(a) Cabral (b) Magellan
(c) Vasco da Gama (d) Columbus
7. Who developed mercury thermometer?
(a) Toricelli (b) Fahrenheit
(c) Marconi (d) Edison
8. Who developed telescope and discovered four satellites of Jupiter?
(a) Newton (b) Galileo
(c) Herschell (d) Tombaugh
9. The father of Englsih poetry:
(a) William Shakespeare
(b) Byron (c) Shelly
